"ഭരണഭാഷ - മാതൃഭാഷ"

**വളരെ അടിയന്തിരം**

നം. സി 6/40317/2017/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം - 33
തീയതി: 07.11.2017
ഫോൺ: 0471-2303107

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ഐ.എം.ജി പരിശീലനം - പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗം ജീവനക്കാർക്കുള്ള വകുപ്പുതല പരീക്ഷാ പരിശീലനം - ജീവനക്കാരെ നാമനിർദ്ദേശം ചെയ്യുന്നതു - സംബന്ധിച്ച്.

സൂചന:- 06.11.2017 ലെ ഐ.എം.ജി സെക്രട്ടറിയുടെ കത്ത് നം. 7415/ പി2/2017/ ഐ.എം.ജി

****

മേൽ സൂചന പ്രകാരമുള്ള ഐ.എം.ജി സെക്രട്ടറിയുടെ കത്തിലെ നിർദ്ദേശ പ്രകാരം കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിലെ അടുത്ത ഡിപ്പാർട്ട്മെന്റ് ടെസ്റ്റിനുവേണ്ടി അപേക്ഷ സമർപ്പിക്കുന്ന ക്ലാസ് 2/3 വിഭാഗത്തിൽപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനായി അർഹരായ ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ **15/11/2017** നു മുൻപായി ഈ കാര്യാലയത്തിൽ ലഭിയ്ക്കത്തക്കവണ്ണം അയച്ചുതരേണ്ടതാണ്. ജീവനക്കാരുടെ ലിസ്റ്റിനോടൊപ്പം മുൻപ് ഈ പരിശീലന പരിപാടിയിൽ പങ്കെടുത്തിട്ടില്ലായെന്നും പരിശീലന കാലാവധി മുഴുവനും പരിശീലനത്തിൽ പങ്കെടുത്തുകൊള്ളാമെന്നുള്ള ജീവനക്കാരന്റെ സാക്ഷ്യപത്രംകൂടി ഉൾപ്പെടുത്തണമെന്നും അറിയിയ്ക്കുന്നു. പരിശീലനപരിപാടി 2017 നവംബർ 27 മുതൽ ആരംഭിയ്ക്കുന്നതാണെന്നും നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ ഔദ്യോഗിക മേൽവിലാസവും ഫോൺ നമ്പരും കൂടി അറിയിയ്ക്കണമെന്നും താത്പര്യപ്പെടുന്നു.

ഒപ്പ്/-
എ.സീതാലക്ഷ്മി അമ്മ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ഡി.ജി.07.11.2017

0875831 GOVERNMENT OF KERALA

www.img.kerala.gov.in
e-mail:imgtvpm@gmail.com
ടെലിഫോൺ: 0471-2304229/608
ഫാക്സ്: 0471-2302391

# ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ഇൻ ഗവൺമെൻറ്

( കേരള സർക്കാരിന്റെ സ്വയംഭരണ സ്ഥാപനം)

വികാസ് ഭവൻ പി.ഓ
തിരുവനന്തപുരം - 695 033

040317

നം.പർ.7415/പി2/2017/ഐ.എം.ജി. 6 നവംബർ 2017

ഡയറക്ടർ
കൊളീജിയേറ്റ് എഡ്യൂക്കേഷൻ വകുപ്പ്
വികാസ് ഭവൻ പി.ഓ
തിരുവനന്തപുരം

സർ,

വിഷയം: ഐ.എം.ജി.- പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് ഡിപ്പാർട്ടുമെൻറ് ടെസ്റ്റിനു വേണ്ടിയുള്ള പ്രത്യേക പരിശീലനം - നാമ നിർദ്ദേശം സംബന്ധിച്ച് -

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥരെ ഡിപ്പാർട്ടുമെൻറ് ടെസ്റ്റിന് പ്രാപ്തരാക്കുന്നതിനു വേണ്ടിയുള്ള പ്രത്യേക പരിശീലനം ഐ.എം.ജി.യുടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കേന്ദ്രങ്ങളിൽ വച്ച് **2017 നവംബർ 27 മുതൽ ഡിസംബർ 23** വരെ നടത്തുന്നതാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നി ജില്ലകളിലുള്ളവർ തിരുവനന്തപുരം ഐ.എം.ജി.യിലും ആലപ്പുഴ, എറണാകുളം, ഇടുക്കി, കോട്ടയം, തൃശൂർ എന്നി ജില്ലകളിലുള്ളവർ കൊച്ചി ഐ.എം.ജി.യിലും, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട്, മലപ്പുറം, പാലക്കാട് എന്നി ജില്ലകളിലുള്ളവർ കോഴിക്കോട് ഐ.എം.ജി.യിലുമാണ് പരിശീലനത്തിൽ പങ്കെടുക്കേണ്ടത്. പരിശീലന കേന്ദ്രം മാറ്റി നൽകുന്നതല്ല. അടുത്ത ഡിപ്പാർട്ടുമെൻറ് ടെസ്റ്റിനു വേണ്ടി പി.എസ്.സി.യിൽ അപേക്ഷ സമർപ്പിക്കുന്ന ക്ളാസ് 2, ക്ളാസ് 3 വിഭാഗത്തിലുള്ള ഉദ്യോഗസ്ഥരെ മാത്രമെ പരിശീലനത്തിൽ ഉൾപ്പെടുത്തുകയുള്ളു. ഈ അറിയിപ്പ് താങ്കളുടെ വകുപ്പിലെ അർഹരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന എല്ലാ ഉദ്യോഗസ്ഥർക്കും നൽകുന്നതിനുള്ള നടപടി കൈക്കൊള്ളണമെന്നും, ഡിപ്പാർട്ടുമെൻറ് പരിക്ഷയിൽ എല്ലാ പേപ്പറുകളും എഴുതേണ്ടവരായ ഉദ്യോഗസ്ഥരെ പരിശീലന പരിപാടിയിലേയ്ക്ക് നാമ നിർദ്ദേശം ചെയ്യണമെന്നും അഭ്യർത്ഥിക്കുന്നു. *മുൻപ് ഈ പരിശീലനം ലഭിച്ചവരെയും ഏതെങ്കിലും പ്രത്യേക വിഷയങ്ങൾ മാത്രം എഴുതുന്നവരെയും വീണ്ടും നാമനിർദ്ദേശം ചെയ്യേണ്ടതില്ല.* അപേക്ഷയോടൊപ്പം മുൻപ് ഈ പരിശീലന പരിപാടിയിൽ പങ്കെടുത്തിട്ടില്ല എന്നും ഡിപ്പാർട്ടുമെൻറ് പരീക്ഷ ഭാഗീകമായി വിജയിച്ചിട്ടില്ല എന്നും പരിശീലന കാലാവധി മുഴുവനും പരിശീലനത്തിൽ പങ്കെടുത്തുകൊള്ളാമെന്നുമുള്ള ഒരു സാക്ഷ്യപത്രം ഉള്ളടക്കം ചെയ്യേണ്ടതാണ്.

.....2

നാമനിർദ്ദേശം താഴെ പറയുന്ന മേൽവിലാസങ്ങളിൽ അയക്കേണ്ടതാണ്.

| | |
|---|---|
| ഐ.എം.ജി. തിരുവനന്തപുരം | ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ്<br>ഐ.എം.ജി. വികാസ് ഭവൻ പി.ഒ<br>തിരുവനന്തപുരം - 695 033 |
| ഐ.എം.ജി. കൊച്ചി | റീജിയണൽ ഡയറക്ടർ<br>ഐ.എം.ജി. പ്രാദേശിക കേന്ദ്രം കാക്കനാട്,<br>കൊച്ചി - 682 030 |
| ഐ.എം.ജി. കോഴിക്കോട് | റീജിയണൽ ഡയറക്ടർ<br>ഐ.എം.ജി. പ്രാദേശിക കേന്ദ്രം<br>മെഡിക്കൽ കോളേജ് കാമ്പസ്<br>കോഴിക്കോട്- 673 008 |

പരിശീലനത്തിന് നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ ഓദ്യോഗിക മേൽ വിലാസവും, ഫോൺ നംപരും നാമനിർദ്ദേശത്തോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് സെക്ഷൻ ഓഫീസർ, പരിശീലന വിഭാഗം (ഫോൺ - 0471 - 2304229 എന്ന നംപരിൽ ബന്ധപ്പെടാവുന്നതാണ്.

പ്രത്യേകം ശ്രദ്ധിക്കാൻ

1. നാമനിർദ്ദേശം **17 നവംബർ 2017** ന് മുൻപ് ഐ.എം.ജി.യുടെ ബന്ധപ്പെട്ട ഓഫീസുകളിൽ ലഭിച്ചിരിക്കേണ്ടതാണ്.
2. പേര് നിർദ്ദേശിക്കപ്പെടുന്നവരെ പരിശീലനത്തിന് തെരഞ്ഞെടുത്തതായി ഐ.എം.ജി.യിൽ നിന്നും അറിയിപ്പു ലഭിച്ചതിനുശേഷം മാത്രമെ വിടുതൽ ചെയ്യേണ്ടതുള്ളു.

വിശ്വസ്തതയോടെ,
ഒപ്പ്
സെക്രട്ടറി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ